പതിനാലാം കേരള നിയമസഭ

പതിനെട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2226 — 11.02.2020 ൽ മറുപടിയ്ക്ക്

## സവാളയുടെ വിലവർദ്ധനവിനെതിരെ സ്വീകരിച്ച നടപടികൾ

| ചോദ്യം<br>ശ്രീ.എ.പി. അനിൽ കുമാർ | | ഉത്തരം<br>ശ്രീ. പി. തിലോത്തമൻ<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി) |
|---|---|---|
| (എ) ഭക്ഷ്യരംഗത്ത് ഒരു പ്രതിസന്ധി ഉടലെടുക്കുമ്പോൾ സത്വരമായി സർക്കാരിന്റെ ഇടപെടൽ ഉണ്ടാകാറുണ്ടോ; അതിന് നിലവിലുള്ള സംവിധാനം എന്താണെന്ന് അറിയിക്കാമോ;<br><br>(ബി) ക്ഷാമം നേരിടുന്ന അവശ്യവസ്തുക്കൾ വിപണിയിലെത്തിക്കുന്നതിന് നിലവിലുള്ള സംവിധാനം കാര്യക്ഷമമാണോയെന്ന് വ്യക്തമാക്കുമോ; | (എ) യും (ബി) യും | ഭക്ഷ്യരംഗത്ത് ഒരു പ്രതിസന്ധി ഉടലെടുക്കുമ്പോൾ സർക്കാരിന്റെ വിപണിയിടപെടൽ സംവിധാനം കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട്. സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ 56 ഡിപ്പോകൾക്ക് കീഴിലുള്ള 1500-ഓളം വരുന്ന ഔട്ട് ലെറ്റുകളിലേക്ക് 2 ½ മാസത്തേക്ക് ആവശ്യമായ ഭക്ഷ്യധാന്യങ്ങൾ, ഡിപ്പോകളിൽ നിന്നും ഇൻഡന്റ് ചെയ്യുന്നതിന്റെ അടിസ്ഥാനത്തിൽ, ഡിപ്പോയിലെ സ്ഥല സൗകര്യം, ഫണ്ടിന്റെ ലഭ്യത തുടങ്ങിയ കാര്യങ്ങൾ പരിഗണിച്ച് എല്ലാ മാസവും കേന്ദ്രീകൃത സംവിധാനം വഴി ഇ-ടെൻഡർ/ഇ-ഓക്ഷൻ മുഖേന അരി, പഞ്ചസാര ഉൾപ്പെടെയുള്ള 38 ഇനം പലവ്യഞ്ജന സാധനങ്ങൾ വാങ്ങി വിൽപനശാലകളിലൂടെ വിൽപന നടത്തി വരുന്നു. ആയതുപ്രകാരം നിത്യോപയോഗ സാധനങ്ങൾ ഏറ്റവും കുറഞ്ഞ വിലയ്ക്ക് വാങ്ങി ദൗർലഭ്യമില്ലാതെ യഥാസമയം വിതരണം നടത്തുവാൻ സാധിക്കുന്നു. |
| (സി) സംസ്ഥാനത്ത് പൊതുകമ്പോളത്തിൽ സവാളയുടെ വില കിലോയ്ക്ക് 200 രൂപയിലധികമായി വർദ്ധിച്ചിരുന്ന അവസരത്തിൽ ജനങ്ങളുടെ ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനായി സർക്കാർ വിപണിയിൽ ഇടപെട്ടിരുന്നോ; എങ്കിൽ എപ്രകാരം; വിശദമാക്കുമോ;<br><br>(ഡി) പ്രസ്തുത കാലയളവിൽ സപ്ലൈകോ വഴി കുറഞ്ഞ വിലയ്ക്ക് സവാള നൽകുവാൻ സാധിച്ചിരുന്നോ യെന്ന് അറിയിക്കാമോ? | (സി) യും (ഡി) യും | സംസ്ഥാനത്ത് സവാളയുടെ വില ക്രമാതീതമായി വർദ്ധിച്ച സാഹചര്യത്തിൽ സപ്ലൈകോ അടിയന്തിരമായി വിപണി ഇടപെടൽ നടത്തിയിരുന്നു. നാഫെഡ് മുഖേന സെൻട്രൽ ബഫറിൽ നിന്നും 50 മെട്രിക് ടണ്ണും കേന്ദ്രീയ ഭണ്ഡാറിൽ നിന്നും 50 മെട്രിക് ടണ്ണും കേന്ദ്ര സർക്കാർ നാഫെഡ്, എം.എം.റ്റി.സി എന്നിവ മുഖേന ഇറക്കുമതി ചെയ്ത സവാളയിൽ നിന്നും 50 മെട്രിക് ടണ്ണും വാങ്ങി സപ്ലൈകോ ഔട്ട് ലെറ്റുകൾ വഴി കുറഞ്ഞ നിരക്കിൽ വിതരണം ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ